**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2961**

**21.08.2017 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി**

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീ.എൽദോ എബ്രഹാം**
**ശ്രീ.വി.ആർ.സുനിൽ കുമാർ**

**മറുപടി**

**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

**എ)**

1. കർഷകർക്കായി ഗുണമേൻമയുള്ള വിത്തുൽപാദനം, സംഭരണം, സംസ്ക്കരണം, വിതരണം എന്നീ പ്രവർത്തനങ്ങളുടെ ഭാഗമായി കൃഷിഭവനുകളുടെ സഹായത്തോടെ രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി പ്രകാരം നെൽവിത്തുൽപാദിപ്പിക്കുകയും അവർ ഉത്പാദിപ്പിക്കുന്ന നെൽവിത്ത് കിലോയ്ക്ക് 30 രൂപ നൽകി കർഷകരിൽ നിന്നും സംഭരിക്കുകയും ചെയ്യുന്നു. സംഭരിച്ച വിത്ത് സീഡ് അതോറിറ്റിയുടെ എരുത്യാമ്പതി, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ച യന്ത്രങ്ങൾ വഴി സംസ്ക്കരിച്ചെടുക്കുകയും, ഗുണമേന്മ ഉറപ്പ് വരുത്തി 30 കി.ഗ്രാം. വീതമുള്ള ചാക്കുകളിലാക്കി ആവശ്യമുള്ള കർഷകർക്ക് കൃഷിഭവനുകളിലൂടെ വിതരണം നടത്തുകയും ചെയ്യുന്നു.
2. വിത്തുൽപാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമ്പത്തികമായ ഉന്നതിക്കായി നെല്ലിന്റെ വിലയേക്കാൾ കൂടിയ വിലയ്ക്ക്, നിലവിൽ കിലോയ്ക്ക് 30 രൂപ നിരക്കിൽ നെൽവിത്ത് കൃഷിക്കാരിൽ നിന്നും സംഭരിക്കുന്നു തന്മൂലം വിത്തുൽപാദന പദ്ധതിയിലെ കർഷകർക്ക് കൂടുതൽ ആദായം ലഭിക്കുന്നുണ്ട്.
3. നെൽവിത്ത്, മറ്റു വിത്തുകൾ എന്നിവയുടെ സംഭരണത്തിനും വിതരണത്തിലുമുള്ള പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ നൽകി വരുന്നു
4. വിത്തിന്റെ ഗുണമേൻമ ഉറപ്പാക്കുന്നതിനായി പരിശോധനാ ലാബുകൾ സ്ഥാപിക്കുക, വിത്തുവിതരണത്തിനുള്ള ട്രാൻസ്പോർട്ടേഷൻ സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് മറ്റ് പ്രവർത്തനങ്ങൾ
5. കർഷകർക്ക് നൂതന കൃഷി മുറകളാലും മറ്റും പരിശീലനം നൽകി വരുന്നുണ്ട്. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും വിത്തുൽപാദനത്തെക്കുറിച്ചും പരിശീലനപരിപാടികൾ കർഷകരുടെ പാടത്തുവെച്ചും മറ്റും നടപ്പാക്കുന്നതിലൂടെ നൂതന കാർഷിക സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നു.
6. കേരളത്തിലെ കർഷകർക്ക് വിവിധയിനം നെൽവിത്ത് ആവശ്യത്തിനനുസരിച്ച് ആർ.എസ്.ജി.പി. പദ്ധതിയിലൂടെ ഉത്പാദിപ്പിച്ചും, കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് ഫാമുകൾ, എന്നിവ മുഖേനയും ലഭ്യമാക്കി വരുന്നു.

**ബി)** സർട്ടിഫൈഡ് സീഡ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ;

**ബി)**

1. വിത്തിന്റെ ആവശ്യകത ഉറപ്പുവരുത്തുകയും തിട്ടപ്പെടുത്തുകയും ചെയ്യുക.
2. കൃഷിഭവനിലും, വിത്തുവികസന അതോറിറ്റിയിലും ആർ.എസ്.ജി.പി. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാനവിത്ത് (Foundation Seed) ലഭ്യമാക്കുക.

3. അടിസ്ഥാനവിത്ത് (Foundation Seed) കൃഷി ചെയ്യുക.
4. കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റിന്റെ നേതൃത്വത്തിലുള്ള വിള പരിശോധന നടത്തുക (3 തവണ).
5. കൊയ്തെടുത്ത വിത്ത് ഉണക്കി വൃത്തിയാക്കി വെക്കുക (13% ൽ കുറവ് ജലാംശം മാത്രം നിലനിർത്തി)
6. ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ വിത്തുപരിശോധനാലാബിലേയ്ക്ക് സാംപിൾ ലഭ്യമാക്കുക.
7. ഗുണമേന്മ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഗുണമേന്മ ടാഗ് ലഭ്യമാക്കുന്നത് കൃഷി അഡീഷണൽ ഡയറക്ടർ(സി.പി.) ആണ്.
8. വിത്ത് സംഭരണം, സംസ്ക്കരണം, ശേഖരണം എന്നിവ നടത്തുക.
9. സീഡ് അതോറിറ്റിയിൽ നിന്നും കർഷകന് വിത്തിന്റെ വില ലഭ്യമാക്കുക.

**സി)** വിത്തിന്റെ വിൽപ്പനയും, ഗുണനിലവാര നിയന്ത്രണവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**സി)**

1. വിത്തിന്റെ വിൽപന കൃഷിഭവനുകളിലൂടെയും സീഡ് അതോറിറ്റി ഓഫീസുകൾ മുഖേനയും നടത്തി വരുന്നു.
2. രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി (ആർ.എസ്.ജി.പി. പദ്ധതി) പ്രകാരം ഉൽപ്പാദിപ്പിക്കുന്ന വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വിത്തുപരിശോധനാലാബിൽ സാമ്പിൾ പരിശോധിക്കുകയും ഗുണമേന്മാ റിപ്പോർട്ട് ലഭ്യമാക്കി കാർഷിക വികസന വകുപ്പ് ഗുണമേന്മ ടാഗ് നല്കി വരുന്നു. ഗുണനിലവാര നിയന്ത്രണത്തിനുള്ള സർട്ടിഫിക്കറ്റാണ് 'TAG'. ഇത് ചാക്കിൽ തുന്നിച്ചേർക്കുകയും ചാക്കിന്റെ മുകളിൽ എഴുതുകയും ചെയ്യുന്നു.

<u>സർട്ടിഫൈഡ് വിത്തിന്റെ ഗുണമേന്മാ ഘടകങ്ങൾ ചുവടെ ചേർക്കുന്നു</u>

| | |
|---|---|
| ശുദ്ധമായ വിത്ത് (കുറഞ്ഞത്) | - 98% |
| നിഷ്ക്രിയ വസ്തുക്കൾ(പരമാവധി) | - 2% |
| അരി (പരമാവധി) | - 2% |
| മറ്റു വിള വിത്തുകൾ (പരമാവധി) | - 20 എണ്ണം/കി.ഗ്രാം |
| തിരിച്ചറിയാൻ പറ്റുന്ന ഇനങ്ങൾ | -20 എണ്ണം/കി.ഗ്രാം (പരമാവധി) |
| കളവിത്തുകൾ (പരമാവധി) | - 20 എണ്ണം/കി.ഗ്രാം |
| വരിനെല്ല് | - 5 എണ്ണം/കി.ഗ്രാം |
| മുളശേഷി (കുറഞ്ഞത്) | - 80% |
| ഈർപ്പം (പരമാവധി) | -13% |

സെക്ഷൻ ഓഫീസർ